## ബാലേസര്‍ കലാപം
# രാജസ്ഥാന്‍ സര്‍ക്കാര്‍ നിഷ്ക്രിയം

**ബലേസര്‍** കലാപത്തിലെ പ്രതികളെ പിടികൂടി ശിക്ഷിക്കുന്നതില്‍ സംസ്ഥാന സര്‍ക്കാര്‍ നിഷ്ക്രിയത്വം വെടിയണമെന്ന് രാജസ്ഥാന്‍ മുസ്‌ലിം ഫോറം ആവശ്യപ്പെട്ടു. മുസ്‌ലിംകളും മാലി സമുദായക്കാരും തിങ്ങിപ്പാര്‍ക്കുന്ന പ്രദേശത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി റോഡ് വെട്ടുന്നതിനിടെയാണ് കലാപം ഉണ്ടായത്. നേരത്തെ തീരുമാനിച്ചുറച്ച പ്രകാരം ഇരു സമുദായവും റോഡിന് തുല്യമായി സ്ഥലം വിട്ടുനല്‍കുന്നതിനു പകരം മുസ്‌ലിം പ്രദേശത്ത് കൂടി റോഡു വെട്ടുകയായിരുന്നു. പ്രതിഷേധിച്ച മുസ്‌ലിംകളെ മാലികള്‍ ആക്രമിച്ചു. കലാപകാരികളെ പിടികൂടുന്നതിനു പകരം സാമ്പത്തിക സഹായം നല്‍കുകയാണ് സര്‍ക്കാര്‍ ചെയ്യുന്നതെന്ന് ഫോറം കണ്‍വീനര്‍ ഖാരി മുഈനുദ്ദീന്‍ കുറ്റപ്പെടുത്തി. ബി.ജെ.പി സര്‍ക്കാറില്‍നിന്ന് ഒട്ടും ഭിന്നമല്ലാത്ത സമീപനമാണ് കോണ്‍ഗ്രസ് സര്‍ക്കാര്‍ സ്വീകരിക്കുന്നതെന്ന് ജ.ഇ രാജസ്ഥാന്‍ അമീര്‍ എഞ്ചി. മുഹമ്മദ് സലീം പറഞ്ഞു. കലാപത്തിനിടെ തകര്‍ക്കപ്പെട്ട ഈദ്ഗാഹ് ഉടന്‍ പുനര്‍നിര്‍മിക്കണമെന്ന് എ.പി.സി.ആര്‍ രാജസ്ഥാന്‍ കണ്‍വീനര്‍ അഡ്വ. പൈക്കര്‍ ഫാറൂഖ് ആവശ്യപ്പെട്ടു.

## 'സ്ത്രീത്വത്തിന്റെ മഹത്വം കാക്കുക' രാജസ്ഥാനില്‍ വനിതാ കാമ്പയിന്‍

**'സ്ത്രീത്വത്തിന്റെ** മഹത്വം കാക്കുക' എന്ന തലക്കെട്ടില്‍ രാജസ്ഥാന്‍ ജ.ഇ കാമ്പയിന്‍ സംഘടിപ്പിച്ചു. മെയ് 16 മുതല്‍ 30 വരെയായിരുന്നു കാമ്പയിന്‍. സംസ്ഥാന അമീര്‍ എഞ്ചി. മുഹമ്മദ് സലീം കാമ്പയിന്‍ ഉദ്ഘാടനം ചെയ്തു. വനിതാ വിഭാഗം ഓര്‍ഗനൈസര്‍ ഫാത്വിമ തന്‍വീര്‍ മുഖ്യപ്രഭാഷണം നടത്തി.

കാമ്പയിന്റെ ഭാഗമായി ജി.ഐ.ഒ 'ഓള്‍ രാജസ്ഥാന്‍ ഗേള്‍സ് കോണ്‍ഫ്രന്‍സ്' സംഘടിപ്പിച്ചു. ഹല്‍ഖാ അമീര്‍ മുഖ്യപ്രഭാഷണം നടത്തി. ജി.ഐ.ഒ ഗുജറാത്ത് സംസ്ഥാന പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ അവകാശ നിയമത്തെ സമ്മേളനം സ്വാഗതം ചെയ്തു. മുസ്‌ലിംകള്‍ക്ക് ജനസംഖ്യാനുപാതിക സംവരണം നടപ്പാക്കുക, വനിതാ ബില്ലില്‍ ഉപസംവരണം ഏര്‍പ്പെടുത്തുക, ഭ്രൂണഹത്യ തടയുക എന്നീ ആവശ്യങ്ങളും സമ്മേളനം ഉന്നയിച്ചു.

## മുസ്‌ലിം വിദ്യാര്‍ഥികള്‍ സിവില്‍ സര്‍വീസ് ദൗത്യമായി ഏറ്റെടുക്കുക

**സിവില്‍** സര്‍വീസ് ഒരു ജോലിയിലുപരി ദൗത്യമായി എടുക്കാന്‍ മുസ്‌ലിം വിദ്യാര്‍ഥികള്‍ തയാറാവണമെന്ന് ഐ.എ.എസ് പരീക്ഷയില്‍ ഒന്നാം റാങ്ക് ലഭിച്ച ശ്രീനഗറിലെ ഷാഹ് ഫൈസല്‍ അഭിപ്രായപ്പെട്ടു. 2011ലെ ഐ.എ.എസ് പരീക്ഷാര്‍ഥികള്‍ക്ക് വേണ്ടി സകാത്ത് ഫൗണ്ടേഷന്‍ ഓഫ് ഇന്ത്യ ദല്‍ഹിയില്‍ സംഘടിപ്പിച്ച ഒത്തു ചേരലില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫൗണ്ടേഷന്‍ പ്രസിഡന്റ് ഡോ. സഫര്‍ മഹ്മൂദ്, ഡോ. നഫീസ് സിദ്ദീഖി, ഡോ. നജ്മുസ്സലാം, എം. വദൂദ് സാജിദ് സംബന്ധിച്ചു.

## കൊല്‍ക്കത്തയില്‍ 22 മുസ്‌ലിം കൗണ്‍സിലര്‍മാര്‍

**പശ്ചിമബംഗാളില്‍** നടന്ന നഗരസഭാ തെരഞ്ഞെടുപ്പില്‍ 22 മുസ്‌ലിം സ്ഥാനാര്‍ഥികള്‍ കൊല്‍ക്കത്ത മുന്‍സിപ്പല്‍ കോര്‍പറേഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആകെ 141 വാര്‍ഡുകളാണുള്ളത്. 22 പേരില്‍ 11 പേര്‍ തൃണമൂല്‍ കോണ്‍ഗ്രസിനെയും 4 പേര്‍ സി.പി.എമ്മിനെയും 3 പേര്‍ കോണ്‍ഗ്രസിനെയും 2 പേര്‍ ഫോര്‍വേഡ് ബ്ലോക്കിനെയും ഓരോരുത്തര്‍ സി.പി.ഐയെയും ആര്‍.എസ്.പിയെയും പ്രതിനിധീകരിക്കുന്നവരാണ്.

## സഹാറന്‍പൂരില്‍ മെഡിക്കല്‍ ക്യാമ്പ്

**വിഷന്‍** 2016ന്റെ ആഭിമുഖ്യത്തില്‍ ഉത്തര്‍പ്രദേശിലെ സഹാറന്‍പൂരില്‍ സൗജന്യ മെഡിക്കല്‍ ക്യാമ്പ് സംഘടിപ്പിച്ചു. 450 ലധികം രോഗികളെ ചികിത്സിച്ചു. ഡോ. ആശിഷ് ഭരദ്വാജ്, ഡോ. സി.എം കമാല്‍, ഡോ. ഫര്‍സാന, ഡോ. റിയാസ് നബി സംബന്ധിച്ചു. ജ.ഇ പ്രാദേശിക അമീര്‍ അബ്ദുല്‍ ഹസീബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

## സർക്കാർ സർവീസിൽ ന്യൂനപക്ഷ പ്രാതിനിധ്യം കൂടുന്നു

**2007** നുശേഷം കേന്ദ്ര സർക്കാർ സർവീസിൽ ന്യൂനപക്ഷ പ്രാതിനിധ്യം കൂടുന്നതായി റിപ്പോർട്ട്. 2007ൽ 6.9 ശതമാനം ഉണ്ടായിരുന്നത് 2008ൽ 8.3 ശതമാനവും 2009ൽ 9.24 ശതമാനവും ആയി ഉയർന്നിട്ടുണ്ടെന്നാണ് കേന്ദ്ര ന്യൂനപക്ഷ വകുപ്പിന്റെ റിപ്പോർട്ട്. എന്നാൽ ഇതിന്റെ സമുദായം തിരിച്ച കണക്ക് ലഭ്യമല്ല. ന്യൂനപക്ഷങ്ങളിൽ 85 ശതമാനം മുസ്‌ലിംകൾ ആയതിനാൽ സ്വാഭാവികമായും മുസ്‌ലിം പ്രാതിനിധ്യം കൂടിയിട്ടുണ്ടാവുമെന്നാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രി സൽമാൻ ഖുർശിദിന്റെ അഭിപ്രായം. സച്ചാർ റിപ്പോർട്ടിനെ തുടർന്ന് പ്രധാനമന്ത്രി നടപ്പാക്കിയ പ്രത്യേക നടപടികൾ മൂലമാണ് ഈ വളർച്ചയെന്ന് അദ്ദേഹം അവകാശപ്പെട്ടു.

## മുംബൈയിൽ കരിയർ ഗൈഡൻസ് സെമിനാർ

**എസ്.ഐ.ഒ** മുംബൈ ഘടകം കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. എഴുനൂറിലധികം വിദ്യാർഥികൾ പങ്കെടുത്തു. ഹജ്ജ് കമ്മിറ്റി ഐ.എ.എസ് ഗൈഡൻസ് സെൽ ഡയറക്ടർ പ്രഫ. എസ്.എ.എം ഹാശ്മി ഉദ്ഘാടനം ചെയ്തു. എഞ്ചിനീയർ അക്മൽ, ഉമർ, ആരിഫ് ജമാൽ സംസാരിച്ചു.

## 'ഭട്കൽ മുസ്‌ലിംകൾ ഭീകരരല്ല'

**ഭട്കലിലെ** ചെറുപ്പക്കാരെ ഭീകരമുദ്രചാർത്തി പീഡിപ്പിക്കുന്നതിനെതിരെ പ്രതിഷേധ സംഗമം. രാഷ്ട്രീയ സഹാറ ഉർദു ദിനപത്രത്തിന്റെ ഗ്രൂപ്പ് എഡിറ്റർ അസീസ് ബർനി മുഖ്യാതിഥിയായിരുന്നു. ഭട്കൽ നിവാസികൾക്കെതിരെ കുപ്രചാരണങ്ങൾ അഴിച്ചുവിടാൻ കാരണം, ഗൾഫ് പ്രവാസത്തിലൂടെ അവർ നേടിയ സാമ്പത്തിക അഭിവൃദ്ധിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യുവാക്കൾ നിരന്തരമായി കുടുംബാംഗങ്ങളുമായി ബന്ധം സ്ഥാപിക്കണമെന്നും പോലീസ് അന്വേഷണ കാര്യങ്ങൾ ഉടൻ അറിയിക്കണമെന്നും യോഗം നിർദേശിച്ചു.

**അബ്ബാദ്**